**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – വൈക്കം നഗരസഭ - 2019-20 സാമ്പത്തിക വർഷം അനുവദിച്ച 12ാം ഗഡു തുകയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ട്രാസ്സർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതിനാൽ പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്. സി സെൽ - എ) വകുപ്പ്**

സ.ഉ.(സാധാ) നം. 6692/2020/ധന                    തീയതി, തിരുവനന്തപുരം., 18 നവംബർ 2020

---

പരാമർശം. 1) എൽ.എസ്.ജി,ഡി-എഫ്.എം.1/191/2020-എൽ.എസ്.ജി.ഡി അനൗദ്യോഗിക ഫയൽ
2) ട്രഷറി ഡയറക്ടറുടെ 20/10/2020-ലെ TRY/3021/2020-E2 നമ്പർ കത്ത്.

**ഉത്തരവ്**

2019-20 സാമ്പത്തിക വർഷം വൈക്കം നഗരസഭക്ക് അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ 12ാം ഗഡു തുകയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയും ഉള്ള ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും മാറി നൽകിയില്ലായെന്നും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന നഗരസഭയായതിനാൽ ജീവനക്കാരുടെ ശമ്പളവും പെൻഷനും യഥാസമയം നൽകുന്നതിന് പോലും സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും ആയതിനാൽ 2019- 20 സാമ്പത്തികവർഷം അനുവദിച്ചതും എന്നാൽ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാധിക്കാത്തതുമായ തുകകൾ അനുവദിച്ച് നൽകണമെന്ന നഗരകാര്യ ഡയറക്ടറുടെ ശിപാർശ പരാമർശം (1) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

2) വൈക്കം നഗരസഭ 2019-20 സാമ്പത്തിക വർഷം സമർപ്പിച്ചിരുന്ന പൊതു ആവശ്യ ഫണ്ടിലെ 12ാം ഗഡു തുകയായ 8,69,000/- രൂപയുടെ ബില്ലും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയായി അനുവദിച്ച 8,22,743/- രൂപയുടെ ബില്ലും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ട്രഷറി ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2019-20 സാമ്പത്തിക വർഷം വൈക്കം നഗരസഭക്ക് അനുവദിക്കുകയും എന്നാൽ പാസ്സാകാതെ ട്രഷറി ക്യൂവിലാകുകയും ചെയ്ത

പൊതു ആവശ്യ ഫണ്ടിലെ 12ാം ഗഡുവിന്റേയും വിടവ് നികത്തൽ ഫണ്ട് അനുവദിച്ചതിന് ശേഷമുള്ള ബാക്കി തുകയുടേയും ആകെ ബിൽ തുകയായ 16,91,743/- രൂപ (പതിനാറ് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എഴുന്നൂറ്റി നാൽപത്തി മൂന്ന് രൂപ മാത്രം) 2020-21 ലെ പൊതു ആവശ്യ ഫണ്ടിന്റെ '3604-00-200-88-(02)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും വൈക്കം നഗരസഭക്ക് (M050200) പുനഃരനുവദിച്ച് ഉത്തരവാകുന്നു. 2019-20 ലെ 12ാം ഗഡു പൊതു ആവശ്യ ഫണ്ടിൽ നിന്നും എൽ.എസ്.ജി.ഡി എൻജിനീയറിംഗ് വിംഗിന്റെ ശമ്പള ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുകയായ 2,88,537/- രൂപ (രണ്ട് ലക്ഷത്തി എൺപത്തി എണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) '2515-00-001- 05-(02)' എന്ന കണക്ക് ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**

**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, വൈക്കം നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1572613)

പുറപ്പെട്ടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.